# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

03/12/2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 843

### മരുന്നുകളുടെ ദുരുപയോഗം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.രാജു എബ്രഹാം | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) കേരളത്തിൽ മാരക രോഗങ്ങൾക്കായുള്ള ചില മരുന്നുകൾ മയക്കുമരുന്നിനു പകരം ലഹരി ഉപയോഗിക്കുന്നവർ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദുരുപയോഗം ചെയ്യാവുന്ന മരുന്നുകൾ നിയമാനുസൃതമല്ലാതെ വിൽപന നടത്തുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഡ്രഗ്സ് ഇൻസ്പെക്ടർമാരോട്, മെഡിക്കൽ സ്റ്റോറുകളുടെ പരിശോധനാ വേളയിൽ ഇക്കാര്യത്തിന് മുന്തിയ പരിഗണന നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം ദുഷ് പ്രവണതകളെ നിയന്ത്രിക്കാൻ മെഡിക്കൽ സ്റ്റോറുകളിൽ റെയിഡുകൾ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) കാൻസർ രോഗികൾക്കുള്ള ബ്രൂഫിനോർഫിൻ, ന്യൂറോളജി പ്രശ്നമുള്ളവർക്കുള്ള പ്രോമത്തസൈൻ, മനോരോഗികൾക്കുള്ള നൈട്രാസെൻ, ഡയസേപാം എന്നീ മരുന്നുകൾ ഡോക്ടർമാരുടെ നിർദ്ദേശമില്ലാതെ മെഡിക്കൽ സ്റ്റോറുകളിൽ വിൽപ്പന നടത്താൻ നിയമം ഉണ്ടോ; നിയമം പാലിക്കപ്പെടുന്നുണ്ടോ എന്നറിയാൻ പരിശോധനകൾ നടത്താറുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലുള്ള പരിശോധനകളാണ് നടത്താറുള്ളത്; ഇത് കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | ബി) പ്രസ്തുത മരുന്നുകൾ എല്ലാംതന്നെ ഡോക്ടർമാരുടെ പ്രിസ്ക്രിപ്ഷന്റെ അടിസ്ഥാനത്തിൽ മാത്രമേ രോഗികൾക്ക് നൽകാവൂ. ഇത്തരം മരുന്നുകൾ ഡോക്ടറുടെ കുറിപ്പടിയില്ലാതെ വിൽപ്പന നടത്തുന്നത് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ്, 1945 -ലെ വകുപ്പുകൾക്ക് വിരുദ്ധമാണ്. ഇത്തരം നിയമലംഘനത്തെക്കുറിച്ച് ഡ്രഗ്സ് ഇൻസ്പെക്ടർമാർ മെഡിക്കൽ ഷോപ്പുകളിൽ പരിശോധന നടത്തുകയും, നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ വകുപ്പുതലത്തിൽ ലൈസൻസ് സസ്പെന്റ് ചെയ്യുക, ക്യാൻസൽ ചെയ്യുക തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ